**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **17-03-2022 - ൽ മറുപടിയ്ക്ക്**

**ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ യൂണിറ്റിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 06.11.2020 തീയതിയിൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ടൂൾ റൂം സ്റ്റാഫ് പാറ്റേൺ സിഡ്കോയുമായി ചേർക്കുന്നത് സംബന്ധിച്ചും 01.07.2009 പ്രാബല്യത്തിൽ സിഡ്കോയിലെ ജീനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം ടൂൾ റൂം ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ചും റിയാബ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജിവനക്കാർക്ക് ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ 06/11/2020-ൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിയാബ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം റിയാബ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സിഡ്കോയുടെ അഭിപ്രായത്തിനായി 17/11/2021-ൽ നൽകിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | റിയാബ് സമർപ്പിച്ച ശിപാർശ പരിശോധിച്ച് ടൂൾ റൂം സ്റ്റാഫ് പാറ്റേൺ സിഡ്കോയുമായി ചേർക്കാനും ജീവനക്കാർക്ക് നാളിതുവരെയുള്ള ഇൻക്രിമെന്റ് അനുവദിക്കാനും, സിഡ്കോ ജീവനക്കാർക്ക് അനുവദിച്ച 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം ജീവനക്കാർക്ക് അനുവദിക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജിവനക്കാർക്ക് ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ 06/11/2020-ൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിയാബ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം റിയാബ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സിഡ്കോയുടെ അഭിപ്രായത്തിനായി 17/11/2021-ൽ നൽകിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ